# തിരുവനന്തപുരം വനം വകുപ്പ് ആസ്ഥാനത്തെ
# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : സൂസൻ ഗോപി

വിഷയം:- വനം വകുപ്പ് – ജീവനക്കാര്യം – വനംവകുപ്പിലെ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകളുടെ 10% താഴ്ന്ന ശമ്പള സ്കെയിലിൽപ്പെട്ട ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴി നികത്തുന്നത് - സംബന്ധിച്ച്.

സൂചന:-
1. 03.01.2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 1/2014/ഉ.ഭ.പ.വ.
2. 19.07.2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 21/2014/ഉ.ഭ.പ.വ.
3. 28.05.2016-ലെ സർക്കാർ ഉത്തരവ് (പി)നമ്പർ 16/2015/ഉ.ഭ.പ.വ.
4. 20.06.2015-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 19/2015/ഉ.ഭ.പ.വ.
5. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഭരണം) 30.01.2014-ലെ ഇ2-1830/14 നമ്പർ ഉത്തരവ്.
6. സർക്കാർ ഉത്തരവ് (പി) നമ്പർ 7/2016/ധനം തീയതി 20.01.2016.

**ഉത്തരവ് നമ്പർ ഇ2- 146/2020 തീയതി 09.01.2020**

വിവിധ വകുപ്പുകളിലെ ലോവർ ഡിവിഷൻ ക്ലാർക്ക്/ടൈപ്പിസ്റ്റ് തസ്തികകളുടെ അംഗബലത്തിന്റെ 10% ഒഴിവുകളിലേക്ക് അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെയും, സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ലോവർ ഡിവിഷൻ ക്ലാർക്ക്/ടൈപ്പിസ്റ്റ് തസ്തികകളിലെ ശമ്പള സ്കെയിലിനേക്കാൾ താഴ്ന്ന ശമ്പള സ്കെയിലിൽ വരുന്ന ജീവനക്കാരെയും (പാർട്ട് ടൈം തസ്തികകൾ ഒഴികെ) സംസ്ഥാനതല സംയോജിത സീനിയോരിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കണമെന്ന് സൂചന (3), (4) ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുണ്ട്.

വനം വകുപ്പിലെ എല്ലാ ജില്ലകളിലും/മേഖലകളിലും നിലവിലുള്ള ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളുടെ 10% ഒഴിവുകൾ തസ്തികമാറ്റത്തിനായി നീക്കിവയ്ക്കുവാൻ സാധിക്കാതിരുന്നതിനാൽ സംസ്ഥാനതല സംയോജിത സീനിയോരിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ തസ്തികമാറ്റ നിയമനം നടത്തുന്നതിന് തീരുമാനിക്കുകയും സൂചന (5) പ്രകാരം ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിലേക്ക് യോഗ്യരായ ജീവനക്കാരുടെ സംസ്ഥാനതല സംയോജിത സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സൂചന (6) പ്രകാരമുള്ള പുതുക്കിയ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം വനംവകുപ്പിലെ ടൈപ്പിസ്റ്റുമാരുടെ അനുപാതം 1:1:1:1 ആയി നിശ്ചയിച്ചിട്ടുണ്ട്. ആയത് പ്രകാരം ആകെ 133 ടൈപ്പിസ്റ്റ് തസ്തികയിൽ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുമാരുടെ എണ്ണം 34 ആയി നിജപ്പെടുത്തിയതിനാൽ മൂന്ന് തസ്തികകളാണ് തസ്തികമാറ്റ നിയമനത്തിനായി

നീക്കിവച്ചിട്ടുള്ളത്. ടി തസ്തികകളിൽ മൂന്ന് പേർക്ക് തസ്തികമാറ്റം വഴി എൽ.ഡി ടൈപ്പിസ്റ്റായി നിയമനം നൽകുകയും അതിൽ ഒരു എൽ.ഡി ടൈപ്പിസ്റ്റിന് യു.ഡി ടൈപ്പിസ്റ്റായി ഉദ്യോഗക്കയറ്റം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ നിലവിലുള്ള നിയമപ്രകാരം സൂചന (5) ലെ ലിസ്റ്റിൽ നിന്നും ഒരാൾക്കുകൂടി എൽ.ഡി ടൈപ്പിസ്റ്റ് ആയി തസ്തികമാറ്റം അനുവദിക്കുന്നതിന് വേണ്ട ഒഴിവുകൾ വനം വകുപ്പിൽ ഉണ്ടായിട്ടുണ്ട്. ടി ഒഴിവിലേക്ക് സംസ്ഥാനതല സംയോജിത സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ (3) ആയ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) ഓഫീസിലെ അറ്റൻഡറായ ശ്രീമതി.ദിവ്യ.എസ് ന് തസ്തികമാറ്റത്തിന് അർഹതയുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീമതി.ദിവ്യ.എസ്-ന് ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിൽ 19000-43600 രൂപ ശമ്പള സ്കെയിലിൽ തസ്തികമാറ്റം അനുവദിച്ച് ഉത്തരവാകുന്നു. ശ്രീമതി.ദിവ്യ.എസ്., ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം വനംവകുപ്പ് ആസ്ഥാനത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുമ്പാകെ ജോലിക്കായി ഹാജരാകേണ്ടതാണ്.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്: (1) വ്യക്തിക്ക് (മേലധികാരി മുഖേന)

(2) CCF (IT) യ്ക്ക് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി നൽകുന്നു.